# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.235** **17.06.2019-ൽ മറുപടിയ്ക്ക്**

## സ്കോളർ സപ്പോർട്ട് പ്രോഗ്രാം

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.എൽദോ എബ്രഹാം<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.വി.ആർ.സുനിൽ കുമാർ | | എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന 4-ാം ക്ലാസ് വരെയുള്ള പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്കും 5 മുതൽ 8 വരെയുള്ള പ്രീ സെക്കണ്ടറി ക്ലാസ് വിദ്യാർത്ഥികൾക്കും എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ; | (എ) | 1 മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റിനുപുറമെ പ്രാഥമിക പഠനാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനായി (യൂണിഫോം, കുട, ബാഗ്, സ്റ്റേഷനറി) 2000/-രൂപ ഓരോ വിദ്യാർത്ഥിയ്ക്കും ഈ സർക്കാർ വന്നശേഷം അനുവദിച്ച് നൽകുന്നുണ്ട്. |
| (ബി) | പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷകൾക്കുള്ള പരിശീലനത്തിന് സാമ്പത്തിക സഹായം നൽകുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | മെഡിക്കൽ/എഞ്ചിനിയറിങ് പ്രവേശന പരീക്ഷയ്ക്ക് പരിശീലനം നൽകുവാൻ 'വിഷൻ' എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പ്രതിവർഷം 10,000 രൂപയാണ് ഫീസായി നൽകി വരുന്നത്. പ്ലസ്‌വൺ, പ്ലസ്ടു ക്ലാസുകളിൽ പഠിക്കുന്നവർക്കാണ് പദ്ധതിയിൽ സഹായം നൽകുന്നത്. പട്ടികജാതി വിഭാഗം വിദ്യാർത്ഥികളെ ബി.ടെക് പരീക്ഷയ്ക്ക് പ്രാപ്തരാക്കുന്നതിനായി സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ വകുപ്പുമായി (DTE) ചേർന്ന് ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. DTE യുടെ കീഴിലുള്ള 9 ഗവ: എഞ്ചിനീയറിംഗ് കോളേജുകളിലും, 3 എയ്ഡഡ് കോളേജുകളിലും പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.<br>ഇതു കൂടാതെ എഞ്ചിനീയറിംഗ് പരീക്ഷകളിൽ വിവിധ പേപ്പറുകളിൽ പരാജയപ്പെട്ടവർക്ക് അവ മാത്രം എഴുതി പാസാകുന്നതിനായി IHRD-യുടെ തിരുവനന്തപുരത്തുള്ള മോഡൽ ഫിനിഷിംഗ് സ്കൂൾ വഴിയും ഒരു പദ്ധതി 2017-18 മുതൽ നടപ്പിലാക്കി വരുന്നുണ്ട്.<br>മെഡിക്കൽ പരീക്ഷകൾക്ക് പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിന് ഇപ്രകാരമുള്ള പ്രത്യേക പദ്ധതി ഇപ്പോൾ നിലവിലില്ല. |

| | | | |
|---|---|---|---|
| (സി) | അണ്ടർഗ്രാജ്വേറ്റ് വിദ്യാർത്ഥികളെ പിൻതുണയ്ക്കുന്നതിനുള്ള സ്കോളർ സപ്പോർട്ട് പ്രോഗ്രാമിന്റെ വിശദവിവരങ്ങൾ അറിയിക്കുമോ**?** | (സി) | അണ്ടർ ഗ്രാജ്വേറ്റ് വിദ്യാർത്ഥികൾക്കായി ചുവടെ പറയുന്ന വിദ്യാഭ്യാസ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. പോസ്റ്റ് മെട്രിക് വിദ്യാഭ്യാസത്തിന് ഫീസ്, ഹോസ്റ്റൽ ചെലവ്, സ്റ്റൈപന്റ്<br>2. പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഓഫ് ഇന്ത്യാ സ്കോളർഷിപ്പ്<br>3. പ്രൊഫഷണൽ കോഴ്സുകളടക്കം ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ<br>4. ലാപ്ടോപ് ധനസഹായം<br>5. മെഡിക്കൽ വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങുന്നതിന് ധനസഹായം<br>6. പ്രാരംഭ ചെലവ് ധനസഹായം (മെഡിക്കൽ/ എഞ്ചിനീയറിംഗ്)<br>7. മെഡിക്കൽ എഞ്ചിനീയറിംഗ് പരീക്ഷയിൽ റാങ്ക് നേടുന്നവർക്ക് ഗോൾഡ് മെഡൽ<br>8. ഉന്നത വിജയം നേടുന്നവർക്ക് പ്രത്യേക പ്രോത്സാഹന സഹായം എന്നിവ<br>9. നൃത്ത സംഗീത കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് വാദ്യോപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം |

**സെക്ഷൻ ഓഫീസർ**